പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1197 02/03/2017-ൽ മറുപടിയ്ക്ക്

<u>ചോദ്യം</u>

ശ്രീ.എം.സ്വരാജ്
ശ്രീ.യു.ആർ.പ്രദീപ്
ശ്രീ.പി.ഉണ്ണി
ശ്രീ.സി.കെ.ശശീന്ദ്രൻ

<u>ഉത്തരം</u>

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

## <u>'ശാലസിദ്ധി' പദ്ധതി</u>

(എ) വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിനായി ശാലസിദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(എ) വിദ്യാലയങ്ങളിൽ 2016-17 മുതൽ ശാലസിദ്ധി നടപ്പിലാക്കിവരുന്നു.

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാലയങ്ങളെ സമഗ്രമായി വിലയിരുത്തുകയും അതുവഴി വിദ്യാലയങ്ങളുടെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ശാലാസിദ്ധിയുടെ പ്രധാന ലക്ഷ്യം.

(സി) ഓരോ വിദ്യാലയവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഓരോ വിദ്യാലയത്തിന്റേയും മൊത്തം പ്രവർത്തനങ്ങൾ 7 മുഖ്യ മേഖലകളെ അടിസ്ഥാനമാക്കിയും 46 നിലവാരസൂചകങ്ങളെ അടിസ്ഥാനമാക്കിയും ശാലാസിദ്ധി ഉപയോഗിച്ച് വിലയിരുത്താൻ കഴിയും. കൂടാതെ മെച്ചപ്പെടുത്തലിനുള്ള അവസരങ്ങൾ, അവയ്ക്കുള്ള സാദ്ധ്യതകൾ, വിദ്യാലയത്തിന്റെ ശക്തികൾ, ദൗർബ്ബല്യങ്ങൾ എന്നിവയും ശാലസിദ്ധി ഉപയോഗിച്ച് തിരിച്ചറിയാൻ കഴിയും. അതുവഴി വിദ്യാലയത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിയും.

(ഡി) കുട്ടികളുടെ പഠനനിലവാരം, ബോധനം, അദ്ധ്യാപകരുടെ അക്കാദമിക് മികവ്, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വികസനം പി.ടി.എയുടെ കാര്യക്ഷമത, സമൂഹ പങ്കാളിത്തം എന്നിവയ്ക്കായി പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി)
1. വിദ്യാലയവിഭവങ്ങൾ (ഒരുക്കൽ, ലഭ്യത, പര്യാപ്തത, ഉപയോഗക്ഷമത)
2. പഠനബോധന രീതികളും വിലയിരുത്തലും
3. പഠിതാക്കളുടെ പുരോഗതി, നേട്ടം, വികാസം
4. അദ്ധ്യാപക പ്രകടനത്തിന്റേയും തൊഴിൽ വികസനത്തിന്റേയും മാനേജ്മെന്റ്.
5. വിദ്യാലയ നേതൃത്വവും മാനേജ്മെന്റും
6. ഭിന്നശേഷിക്കാരുടെ ഉൾച്ചേർക്കൽ, ആരോഗ്യം, സുരക്ഷ

7. സക്രിയ സാമൂഹിക പങ്കാളിത്തം
എന്നീ 7 മുഖ്യ മേഖലകളുടെ അടിസ്ഥാന
ത്തിലാണ് വിദ്യാലയത്തിന്റെ മൊത്തം
പ്രവർത്തനങ്ങൾ ശാലസിദ്ധി
ഉപയോഗിച്ച് വിലയിരുത്തുന്നത്.

സെക്ഷൻ ഓഫീസർ